**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310** **10-10-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഗാർഡുമാർക്ക് ഉത്സവബത്ത**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. രമ</td><td colspan="2">ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ടൂറിസം വകുപ്പിനു കീഴിൽ എത്ര ലൈഫ് ഗാർഡുമാരാണ് ജോലി ചെയ്യുന്നത്; സ്ഥിരം, താൽക്കാലികം എന്നിങ്ങനെ തരംതിരിച്ച് ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്ത് വിനോദ സഞ്ചാര വകുപ്പിന് കീഴിൽ 05.01.2006ലെ സ.ഉ.(കൈ) നം. 6/2006/ടൂറിസം പ്രകാരം താൽക്കാലികാടിസ്ഥാനത്തിലാണ്ലൈഫ് ഗാർഡുമാരെ നിയമിച്ചത്. ആകെ 178 അംഗീകൃത താൽക്കാലിക തസ്തികകളിൽ നിലവിൽ 145 ലൈഫ് ഗാർഡുകളാണ് സംസ്ഥാനത്ത് വിനോദ സഞ്ചാര വകുപ്പിന് കീഴിൽ ജോലി ചെയ്തുവരുന്നത്.<br><br>ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>
<table>
<tr><td>തിരുവനന്തപുരം</td><td>64</td></tr>
<tr><td>കൊല്ലം</td><td>9</td></tr>
<tr><td>ആലപ്പുഴ</td><td>10</td></tr>
<tr><td>എറണാകുളം</td><td>21</td></tr>
<tr><td>തൃശ്ശൂർ</td><td>8</td></tr>
<tr><td>മലപ്പുറം</td><td>5</td></tr>
<tr><td>വയനാട്</td><td>2</td></tr>
<tr><td>കോഴിക്കോട്</td><td>11</td></tr>
<tr><td>കണ്ണൂർ</td><td>11</td></tr>
<tr><td>കാസർഗോഡ്</td><td>4</td></tr>
</table></td></tr>
<tr><td>(ബി)</td><td>ലൈഫ് ഗാർഡുമാർക്ക് ഈ വർഷത്തെ ഓണം ഉത്സവബത്ത വിതരണം ചെയ്യാൻ കഴിയാതിരുന്ന സാഹചര്യമുണ്ടായിരുന്നോ ; ഉത്സവബത്തയായി എത്ര രൂപ വീതം ലഭിക്കുന്നതിനാണ് ടൂറിസം ലൈഫ് ഗാർഡുമാർക്ക് അർഹതയുണ്ടായിരുന്നത്;</td><td>(ബി)</td><td>ലൈഫ് ഗാർഡുകൾക്ക് ഓണം ഉത്സവബത്ത വിതരണം ചെയ്യാൻ താമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 06.09.2024 തിയതിയിലെ സ.ഉ.(അച്ചടി) നം.78/2024/ധന ഉത്തരവ് പ്രകാരം ലൈഫ് ഗാർഡ് ജീവനക്കാർക്ക് 1210/- രൂപയാണ് ഉത്സവബത്തയായി ലഭിക്കാൻ അർഹതയുണ്ടായിരുന്നത് .</td></tr>
<tr><td>(സി)</td><td>ഉയർന്ന ശമ്പളക്കാരുൾപ്പടെ സംസ്ഥാനത്തെ മറ്റെല്ലാ വിഭാഗം ജീവനക്കാർക്കും ഉത്സവബത്ത</td><td>(സി)</td><td>ലൈഫ് ഗാർഡുകൾക്ക് ഓണം ഉത്സവബത്ത വിതരണം ചെയ്യാൻ താമസം ഉണ്ടായതായി</td></tr>
</table>

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടും ലൈഫ് ഗാർഡുമാർക്ക് ഉത്സവബത്ത അനുവദിക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 06.09.2024 തിയതിയിലെ സ.ഉ.(അച്ചടി) നം.78/2024/ധന ഉത്തരവ് പ്രകാരം ലൈഫ് ഗാർഡ് ജീവനക്കാർക്ക് 1210/- രൂപയാണ് ഉത്സവബത്തയായി ലഭിക്കാൻ അർഹതയുണ്ടായിരുന്നത് . |

സെക്ഷൻ ഓഫീസർ